# ക്രിസ്തുമസ്

**2023 ഡിസംബർ 25**

## വചനസന്ദേശം

**ഫാ. ജോമോൻ മാടവനക്കാട്**

## ക്രിസ്തുമസിന്റെ സന്തോഷം

വിവാഹം കഴിഞ്ഞ് 12 വർഷങ്ങൾക്കു ശേഷമാണ് ആ മംഗളവാർത്ത അവരെ തേടിയെത്തിയത്. തങ്ങൾക്ക് ഒരു കുഞ്ഞ് ജനിക്കാൻ പോകുന്നു. ഒത്തിരി നാളത്തെ കാത്തിരിപ്പിനു വിരാമം. ആ ദിനം അവർ കുടുംബത്തോടും കൂട്ടുകാരോടുമൊപ്പം ആഘോഷിച്ചു. പിന്നെ കുഞ്ഞിന്റെ ജനനത്തിനായുള്ള കാത്തിരിപ്പായിരുന്നു. അതും യാതൊരു അപകടവും ഇല്ലാതെ നടന്നു. ആ ജനനവും അവർ ആഘോഷിച്ചു. അത് ഒരു പെൺകുഞ്ഞായിരുന്നു. പിന്നീട് ആ കുഞ്ഞിന്റെ മാമ്മോദീസ, ആദ്യകുർബാന സ്വീകരണം, അവളുടെ ജന്മദിനങ്ങൾ എല്ലാം ആഘോഷമാക്കി. ദൈവം തങ്ങൾക്ക് നല്കിയ ഒരേയൊരു മകൾ, അവൾക്ക് എല്ലാ സൗകര്യങ്ങളും നല്കി. എല്ലാത്തിലും അവൾ മിടുക്കിയായിരുന്നു. കോളജ് പഠനകാലത്ത് അവൾ ഒരു യുവാവിനെ കണ്ടെത്തി, അവർ പ്രണയിച്ചു. മാതാപിതാക്കൾ അവളെ എതിർത്തില്ല. അവൾ കണ്ടെത്തിയ യുവാവിനെ അവർക്കും ഇഷ്ടമായി. അതും അവർ ആഘോഷിച്ചു. എന്നാൽ പിന്നീട് എപ്പോഴോ അവൻ അവളിൽ നിന്ന് അകലുകയും മറ്റൊരുവളെ വിവാഹം കഴിക്കുകയും ചെയ്തു. ഇത് ആ പെൺകുട്ടിയെ മാനസികമായി തളർത്തി, നിരാശയായി. മനസ്സു മടുത്ത അവൾ തന്റെ മുറിയിൽ ജീവിതം അവസാനിപ്പിച്ചു. ആ മാതാപിതാക്കൾ തകർന്നുപോയി, അവരുടെ ആശയും പ്രതീക്ഷയും കാത്തിരിപ്പും സ്വപ്നങ്ങളും എല്ലാമായിരുന്ന മകൾ ഇല്ലാതെയായി. എല്ലാ സന്തോഷങ്ങളും അവസാനിച്ചു. മാതാപിതാക്കൾ രണ്ടുപേരും അറുപതു വയസ്സ് പിന്നിട്ടു. ഇന്ന് അവർ ചിരിക്കാറില്ല. അവളുടെ ജന്മദിനത്തിന് ഇടവകപ്പള്ളിയിലെ അവളുടെ കല്ലറയിൽ കേക്ക് മുറിക്കും. ഒത്തിരി നേരം കരയും.

മംഗളവാർത്തയിൽ തുടങ്ങിയ ജീവിതം, ഒത്തിരി കാത്തിരിപ്പുകൾക്ക് ഒടുവിൽ വന്ന സൗഭാഗ്യം, ഒത്തിരി സന്തോഷങ്ങളും നല്ല ഓർമ്മകളും ഒക്കെ ലഭിച്ചു. എങ്കിലും അവസാനം മാതാപിതാക്കളുടെ ജീവിതത്തിന്റെ വെളിച്ചം കെടുത്തി അവൾ കടന്നുപോയി. ഇന്ന് നമ്മൾ ക്രിസ്തുമസ് ആഘോഷിക്കുന്നു. ഒരു മംഗളവാർത്തയോടെ തുടങ്ങി. പരിശുദ്ധ അമ്മ സന്തോഷത്തോടെ അതു സ്വീകരിച്ചു. പിന്നീട് കാത്തിരിപ്പുകൾക്ക് ഒടുവിൽ ആ ദിനം സംജാതമായി, യേശുവിന്റെ ജനനം. സ്വർഗവാസികളും ഭൂവാസികളും സന്തോഷിച്ചു. അതാണ് ക്രിസ്തുമസ്, ആ സന്തോഷം തന്റെ ഈലോകജീവിതത്തിലെ മുപ്പത്തിമൂന്ന് വർഷവും കാത്തുസൂക്ഷിക്കാൻ യേശുവിന് കഴിഞ്ഞു എന്നതാണ്, യഥാർത്ഥ ക്രിസ്തുമസ് സന്ദേശം.

എന്റെ ജനനത്തിൽ സ്വർഗവും ഭൂമിയും സന്തോഷിച്ചിട്ടുണ്ട്. ദൈവം ഈ ഭൂമിയിൽ എനിക്ക് ജന്മം നല്കിയത് വളരെ സന്തോഷത്തോടെയാണ്. എന്റെ മാതാപിതാക്കളും സഹോദരങ്ങളും കുടുംബാംഗങ്ങളും എന്റെ ജനനത്തിൽ സന്തോഷിച്ചിട്ടുണ്ട്. നമ്മുടെ ഓരോരുത്തരുടെ കാര്യത്തിലും ഇങ്ങനെ തന്നെയാണ്. സ്വർഗവും ഭൂമിയും നമ്മുടെ ജനനത്തിൽ സന്തോഷിച്ചിട്ടുണ്ട്. എന്നാൽ ഈ സന്തോഷം നിലനിർത്താൻ എനിക്ക് കഴിയുന്നുണ്ടോ എന്നുള്ളതാണ് വളരെ പ്രധാനപ്പെട്ടത്. നമ്മൾ ഓരോരുത്തരും ആത്മശോധന ചെയ്യണം. ഞാൻ ജനിച്ചപ്പോൾ എന്റെ മാതാപിതാക്കൾക്കും പ്രിയപ്പെട്ടവർക്കും ഉണ്ടായിരുന്ന അതേ സന്തോഷം ഇപ്പോൾ എന്നെക്കുറിച്ച് ഓർക്കുമ്പോൾ അവർക്കു ണ്ടോ? എന്നെ സൃഷ്ടിച്ചപ്പോൾ എന്റെ ദൈവത്തിന് ഉണ്ടായിരുന്ന അതേ സന്തോഷം ഇപ്പോൾ എന്റെ ജീവിതം കാണുന്ന ദൈവത്തിനുണ്ടോ? ഉണ്ടെങ്കിൽ എന്റെ ജീവിതം ക്രിസ്തുവിന്റെ ക്രിസ്തുമസ് സന്ദേശത്തോടു ചേർന്നിരിക്കുന്നു; അല്ലെങ്കിൽ എന്റെ ജീവിതം ഞാൻ പൊളിച്ചെഴുതണം.

ഈശോ തന്റെ ജനനത്തിലും ജീവിതത്തിലും മരണത്തിലും ഉയിർപ്പിലും കൊടുത്തത് വെളിച്ചമാണ്. ആരെയും നിരാശപ്പെടുത്താത്ത സ്നേഹത്തിന്റെ സന്തോഷത്തിന്റെ വെളിച്ചം നൽകി. എന്റെ ജീവിതം മറ്റുള്ളവരുടെ ജീവിതത്തിന്റെ വെളിച്ചം തല്ലിക്കെടുത്താതെ ഇരിക്കാൻ ശ്രമിക്കണം, വെളിച്ചം നല്കുന്നവരാകാം.

ക്രിസ്തുമസ് ഒരു ജന്മദിനത്തിന്റെ അനുസ്മരണം മാത്രമല്ല ഈശോയുടെ ജീവിതം ഈ ലോകത്തിന് സമ്മാനിച്ച, എനിക്ക് സമ്മാനിച്ച, എന്റെ പൂർവികർക്ക് സമ്മാനിച്ച, ഇനി വരാനിരിക്കുന്ന തലമുറയ്ക്ക് സമ്മാനിച്ച, രക്ഷയുടെ അനുസ്മരണമാണ്. എന്റെ ജീവിതവും ഈശോയുടെ ജീവിതം പോലെ മറ്റുള്ളവർ

ക്ക് പ്രത്യാശയുടെ, സ്നേഹത്തിന്റെ, സന്തോഷത്തിന്റെ വെളിച്ചം നൽകുന്നതാകാൻ പരിശ്രമിക്കാം. രക്ഷയുടെ സന്ദേശം നൽകാം. ഒരിക്കലും മറ്റുള്ളവർക്ക് തെറ്റായ സന്ദേശം നൽകാതിരിക്കാം. എ